13-08-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/08/2022.

1. നെടുമങ്ങാട് നഗരസഭയും കൃഷിഭവനും സംയുക്തമായി സംഘടിപ്പിക്കുന്ന കർഷകദിനാഘോഷങ്ങൾ ഈ മാസം 17-ന് (ആഗസ്റ്റ് 17) രാവിലെ 8 മണിക്ക് നെടുമങ്ങാട് മുൻസിപ്പൽ ടൗൺഹാളിൽ നഗരസഭ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം നിർവഹിക്കും. ഇതിനോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട കർഷകരേയും ജില്ലാ സംസ്ഥാന അവാർഡ് ജേതാക്കളെയും ആദരിക്കുന്നു. കൂടാതെ അന്നേ ദിവസം രാവിലെ 9.30 മുതൽ തേനീച്ച കൃഷി പരിശീലനവും സംഘടിപ്പിച്ചിരിക്കുന്നു.

2. ആസാദി കാ അമൃത് മഹോത്സവ്' എന്ന കേന്ദ്ര സർക്കാർ പദ്ധതിയുടെയും 'ഞങ്ങളും കൃഷിയിലേക്ക്' എന്ന സംസ്ഥാന സർക്കാർ പദ്ധതിയുടെയും ഭാഗമായി ഉത്തര മേഖല കാർഷിക ഗവേഷണ കേന്ദ്രവും പിലിക്കോട് ഗ്രാമ പഞ്ചായത്തും സംയുക്തമായി നടത്തുന്ന പദ്ധതിയാണ് '**ഔഷധ സമ്പുഷ്ട വീട്ടുമുറ്റം പദ്ധതി**'. മൂന്ന് ഘട്ടങ്ങളുള്ള ഈ ദീർഘകാല പദ്ധതിയുടെ ഒന്നാം ഘട്ടമായ – പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങളിൽ ഔഷധോദ്യാന നിർമ്മാണം ആഗസ്റ്റ് ഒന്നാം വാരം ഗവേഷണ കേന്ദ്രം പൂർത്തീകരിച്ചു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം ഇന്ന് (13.08.2022) വൈകുന്നേരം 3.30 മണിക്ക് ഗവേഷണ കേന്ദ്രത്തിലെ ഔഷധ സസ്യ മാതൃ തോട്ടത്തിൽ വച്ച് പിലിക്കോട് പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിക്കും.

3. ആലപ്പുഴ ജില്ലയിലെ ചേർത്തല സൗത്ത് കൃഷിഭവനിൽ **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ഭാഗമായി പയർ, വെണ്ട, മുളക്, വഴുതന തുടങ്ങിയവയുടെ പച്ചക്കറി തൈകൾ കൃഷിഭവനിൽ വിതരണത്തിന് എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കൃഷിഭവനിൽ വന്ന് കൈപ്പറ്റണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

4. തൃശൂർ കൊക്കാല യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ സെപ്റ്റംബർ 01-ന് ആരംഭിക്കുന്ന ആറ് മാസം കാലദൈർഘ്യമുള്ള, സ്റ്റൈപെൻഡറി ട്രെയിനിങ് ഓൺ ലബോറട്ടറി ടെക്നിക്സ്, ഫാർമസി ആൻഡ് നഴ്സിംഗ് കോഴ്സിൽ സ്റ്റൈപ്പന്റോടുകൂടിയ പരിശീലനത്തിന്

താൽപര്യമുള്ള അപേക്ഷകർ ആഗസ്റ്റ് 24 – ന് രാവിലെ 10.00 മണിക്ക് സ്ഥാപനത്തിൽ വെച്ച് നടത്തുന്ന ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. സ്റ്റൈപെൻഡ് പ്രതിമാസം 6000 രൂപയാണ്. അനിമൽ ഹസ്ബൻഡറി, പൗൾട്രി സയൻസ്, ഡയറി സയൻസ് എന്നീ കോഴ്സുകളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പാസായവർക്ക് അപേക്ഷിക്കാം. പ്രായപരിധി 25 വയസ്സ്. അപേക്ഷകരുടെ എണ്ണം അധികമാകുന്ന പക്ഷം എഴുത്തു പരീക്ഷ നടത്തി അതിൽ വിജയിക്കുന്നവരെ മാത്രമേ ഇന്റർവ്യൂവിനു ഉൾപ്പെടുത്തുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, **0487 –2423415** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 20-ന് (ആഗസ്റ്റ് 20) **കൂൺ സംസ്കരണം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8157877977** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കാർഷിക സർവകലാശാല, ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് **ആഗസ്റ്റ് 23 മുതൽ 25 വരെ അക്വാപോണിക്സ് കൃഷിരീതിയിൽ** പരിശീലനം നടത്തുന്നു. വിവിധ തരം അക്വാപോണിക്സ് സിസ്റ്റം-രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും, നിയന്ത്രണ മാർഗങ്ങളും, വളപ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും **0487-2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ആഗസ്റ്റ് 17 മുതൽ 19 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "**സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം** " എന്ന വിഷയത്തിലെ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഓഗസ്റ്റ് 16 ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് **ഓഗസ്റ്റ് 15** നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ഓഗസ്റ്റ് 16** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം